പ്രസിദ്ധീകരണത്തിന്
05-03-2024
നോർക്ക റൂട്ട്സ്

**പ്ലസ്ടു കഴിഞ്ഞവർക്ക് ജർമ്മനിയിൽസൗജന്യ നഴ്സിങ് പഠനവും തൊഴിലവസരവും- നോർക്ക ട്രിപ്പിൾവിൻട്രെയിനി പ്രോഗ്രാമിലേയ്ക്ക് ഇപ്പോൾഅപേക്ഷിക്കാം**

**Free nursing education and employment prospects in Germany for high school graduates through NORKA Triple Win Trainee Programme -Apply now**

പ്ലസ്ടു വിനുശേഷം ജർമ്മനിയിൽ സൗജന്യ നഴ്സിങ് പഠനത്തിനും തുടർന്ന് ജോലിയ്ക്കും അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾവിൻട്രെയിനി പ്രോഗ്രാമിന്റെ (Ausbildung) ആദ്യബാച്ചിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ജർമ്മൻ ഭാഷ പരിശീലനം (ബി2 ലെവൽവരെ), നിയമന പ്രക്രിയയിലുടനീളമുള്ള പിന്തുണ, ജർമ്മനിയുടെ ആരോഗ്യ പരിപാലന മേഖലയിൽ തൊഴിൽ സാധ്യത, ജർമ്മനിയിലെത്തിയ ശേഷം പഠനസമയത്ത് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ വാഗ്ദാനം ചെയ്യുന്നതാണ് പദ്ധതി. ജർമ്മനിയിൽരജിസ്ട്രേഡ് നഴ്സ് ആയി പ്രാക്ടീസ് ചെയ്യുന്നതിനുള്ള വൊക്കേഷണൽനഴ്സിങ് ട്രെയിനിങ്ങാണ് പദ്ധതി വഴി ലഭിക്കുന്നത്. ബയോളജി ഉൾപ്പെടുന്ന സയൻസ് സ്ട്രീമിൽ, പ്ലസ് ടുവിന് കുറഞ്ഞത് 60 ശതമാനം മാർക്കുണ്ടാകണം. താത്പര്യമുള്ളവർക്ക് triplewin.norka@kerala.gov.in എന്ന ഇ-മെയിൽഐഡിയിലേയ്ക്ക് ഇംഗ്ലീഷിൽതയ്യാറാക്കിയ വിശദമായ സി.വി, മോട്ടിവേഷൻലെറ്റർ, ജർമ്മൻഭാഷായോഗ്യത, മുൻപരിചയം (ഓപ്ഷണൽ), വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, മറ്റ് അവശ്യരേഖകളുടെ പകർപ്പുകൾഎന്നിവ സഹിതം മാർച്ച് 21 നകം അപേക്ഷ നൽകാവുന്നതാണെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ(ഇൻ-ചാർജ്ജ്) അജിത്ത് കോളശ്ശേരി അറിയിച്ചു.

ജർമ്മൻഭാഷയിൽA2, B1 ലെവൽപാസ്സായവർക്ക് (ഗോയ്ഥേ, ടെൽക് , OSD, TestDaf എന്നിവിടങ്ങളിൽനിന്നും 2023 ഏപ്രിലിനുശേഷം) മുൻഗണന ലഭിക്കും. ആരോഗ്യ മേഖലയിലെ മുൻപരിചയം (ഉദാ. ജൂനിയർ റെഡ്ക്രോസ് അംഗത്വം) അധികയോഗ്യതയായി പരിഗണിക്കും. 18 നും 27 നും ഇടയിൽപ്രായമുള്ള കേരളീയരായ വിദ്യാർത്ഥികൾക്കാണ് പ്രോഗ്രാമിലേയ്ക്ക് അപേക്ഷിക്കാൻകഴിയുക. കഴിഞ്ഞ 6 മാസമായി ഇന്ത്യയിൽ തുടർച്ചയായി താമസിക്കുന്നവരും, നിർദ്ദേശിക്കുന്ന സ്ഥലത്ത് ഭാഷാപഠനത്തിന് ഓഫ്‌ലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻസന്നദ്ധതയുള്ളവരുമാകണം അപേക്ഷകർ. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായാണ് ട്രിപ്പിൾവിൻട്രെയിനി പ്രോഗ്രാം സംഘടിപ്പിക്കുന്നത്. കൂടുതൽവിവരങ്ങൾക്ക് www.norkaroots.org, www.nifl.norkaroots.org എന്നീ വെബ്ബ്സൈറ്റുകൾ സന്ദർശിക്കുക. അല്ലെങ്കിൽ24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽകോൺടാക്ട് സെന്ററിന്റെ ടോൾഫ്രീ

നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽനിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾസർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽകൃഷ്ണകുമാർ
പബ്ളിക് റിലേഷൻസ് ഓഫീസർ
നോർക്ക റൂട്ട്സ്-തിരുവനന്തപുരം